**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലാ പഞ്ചായത്ത് - വിവിധ ഫാം ഓഫീസർമാർക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **3039**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 10.12.2013.

---

പരാമർശം:- 1) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 29.06.2013-ലെ 6-ാം നമ്പർ തീരുമാനം.

2) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 12.09.2013-ലെ DPT/A5--2723/2013 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് സീഡ് ഫാമുകൾ, ജില്ലാ കൃഷിത്തോട്ടം, കോക്കനട്ട് നഴ്സറി എന്നിവിടങ്ങളിൽ വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളുടെ വിറ്റ് വരവ് ജില്ലാ പഞ്ചായത്തിൽ അടവാക്കാൻ വരുന്ന കാലതാമസം, ഒടുക്കുന്ന രീതി എന്നിവയുമായി ബന്ധപ്പെട്ട നിരവധി ഓഡിറ്റ് പരാമർശങ്ങൾ നിലവിലുണ്ടെന്നും ഈ അപാകതകൾ പരിഹരിക്കുന്നതിന് വേണ്ടി രൂപീകരിച്ച സബ്കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരാമർശം (1) ലെ തീരുമാന പ്രകാരം അംഗീകരിക്കുകയും, ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ഫാം ഓഫീസർമാർക്ക് ഫാം വിറ്റ് വരവ് നിക്ഷേപിക്കുന്നതിന് മാത്രം ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുറക്കുന്നതിനുള്ള അനുമതി നൽകുവാൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്തിന് കീഴിലുള്ള വിവിധ ഫാം ഓഫീസർമാർക്ക് ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയതിന് സാധൂകരണം നൽകണമെന്നാണ് പരാമർശം (2) ലെ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള ചുവടെപ്പറയുന്ന ഫാം ഓഫീസർമാർക്ക് നിലവിൽ ബാങ്ക് അക്കൗണ്ട് ഇല്ലാത്തത്കൊണ്ട് കൃഷി ഫാമുകളിലെ വിറ്റ്വരവ് നിക്ഷേപിക്കുന്നതിന് മാത്രമായി ദേശസാൽകൃത ബാങ്കിൽ ഒരു സേവിംഗ് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകിയ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1 | ചേലക്കര ജില്ലാ കൃഷിത്തോട്ടം | ഫാം സൂപ്രണ്ട് |
| 2 | മണ്ണുത്തി സ്റ്റേറ്റ് സീഡ് ഫാം | അസിസ്റ്റന്റ് ഡയറക്ടർ, സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |

| | | |
|---|---|---|
| 3 | പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാം | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |
| 4 | പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാം | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |
| 5 | നടവരമ്പ് സ്റ്റേറ്റ് സീഡ് ഫാം | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |
| 6 | എടത്തിരുത്തി സ്റ്റേറ്റ് സീഡ് ഫാം | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |
| 7 | കോടശ്ശേരി സ്റ്റേറ്റ് സീഡ് ഫാം | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |
| 8 | ഇരിങ്ങാലക്കുട കോക്കനട്ട് നഴ്സറി | സീനിയർ അഗ്രികൾച്ചറൽ ഓഫീസർ |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കൃഷി വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.